## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2360 | | 19.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ക്ഷേമ പെൻഷനുകളുടെ വിതരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി.മമ്മൂട്ടി | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഏത് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്; | (എ) | 1. ഡിബിടി സംവിധാനത്തിൽ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഗുണഭോക്താക്കൾക്ക് (462316 എണ്ണം) തപാൽ വകുപ്പിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം 2016 ജനുവരി മുതൽ തുക അയയ്ക്കുന്നതിന് കഴിയുന്നില്ല.<br>2. 2016 മെയ് മാസം വരെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ക്യാബിനറ്റിൽ ഏറ്റവും ഒടുവിൽ ക്ഷേമ പെൻഷനുകൾ പരിഷ്കരിച്ച് തീരുമാനമെടുത്തത് എന്നാണെന്നും പരിഷ്കരിച്ച നിരക്ക് എത്രയാണെന്നും വിശദമാക്കുമോ; | (ബി) | പെൻഷനുകൾ ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 75 വയസ്സിന് മുകളിൽ 1500/- രൂപ (01.04.2016 മുതൽ) 75 വയസ്സിന് താഴെ 600/-രൂപ (01.04.201ർ മുതൽ)<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 80% ന് മുകളിൽ 1100/- രൂപ (01.04.2014 മുതൽ) 80%ന് താഴെ 800/- രൂപ (01.04.2014 മുതൽ)<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 800/- രൂപ (01.04.2014 മുതൽ)<br>4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 800/- രൂപ (01.04.2014 മുതൽ)<br>5. കർഷക തൊഴിലാളി പെൻഷൻ - 600/- രൂപ (01.04.2014 മുതൽ) |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിരക്കുകൾ പുതുക്കിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ നിരക്ക് എത്രയാണ്? | (സി) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കുറഞ്ഞ നിരക്ക് 1000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ